# കേരള സർവകലാശാല

നം. പി.ആർ.046/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.കോം ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ബി.കോം കൊമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് (339 – 2013 അഡ്മിഷൻ, 2013–ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 20 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## പ്രോജക്ട് മൂല്യനിർണ്ണയവും വൈവയും

കേരള സർവകലാശാല ഏപ്രിൽ നാല് മുതൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ & വീഡിയോ പ്രൊഡക്ഷൻ പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവയും ഏപ്രിൽ 18–ന് മാർ ഇവാനിയോസ് കോളേജിലും ആറാം സെമസ്റ്റർ ബി.എ മലയാളം & മാസ് കമ്മ്യൂണിക്കേഷൻ പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവയും ഏപ്രിൽ 19–ന് തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലും നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവയും ഏപ്രിൽ 20 മുതൽ 22 വരെ വർക്കല എസ്.എൻ കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സ്പെഷ്യൽ ക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യസ വിഭാഗത്തിലെ മൂന്നാം വർഷ ബി.എ ഹിസ്റ്ററിക്ക് ഏപ്രിൽ ഒമ്പതിന് സ്പെഷ്യൽ ക്ലാസ് ഉണ്ടായിരിക്കും.

## യോഗ & മെഡിറ്റേഷൻ പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഏപ്രിൽ 28–ന് തുടങ്ങുന്ന യോഗ & മെഡിറ്റേഷൻ കോഴ്സ് പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 13 (50 രൂപ പിഴയോടെ ഏപ്രിൽ 18, 250 രൂപ പിഴയോടെ ഏപ്രിൽ 20) വരെ അപേക്ഷിക്കാം. ടൈംടേബിൾ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഓഫീസിൽ പ്രസിദ്ധീകരിച്ചു.

## ബി.ആർക് പരീക്ഷ

കേരള സർവകലാശാല ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക് (സപ്ലിമെന്ററി – 2008 സ്കീം), നാലാം സെമസ്റ്റർ ബി.ആർക് (സപ്ലിമെന്ററി മാത്രം – 2008 സ്കീം), ആറാം സെമസ്റ്റർ ബി.ആർക് (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി – 2008 സ്കീം), എട്ടാം സെമസ്റ്റർ ബി.ആർക് (റഗുലർ & സപ്ലിമെന്ററി – 2008 സ്കീം), ആറാം

സെമസ്റ്റർ ബി.ആർക് (റഗുലർ – 2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന അന്താരാഷ്ട്ര കോൺഫറൻസ്

കേരള സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്രപഠനത്തിനും ഗവേഷണത്തിനും പുതിയ മാനം നൽകുന്നതിലേക്കായി കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ തുടങ്ങുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സിന്റെ ത്രിദിന അന്താരാഷ്ട്ര കോൺഫറൻസിന്റെയും സെന്ററിന്റെയും ഉദ്ഘാടനം പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫ. എം.എ ഉമ്മൻ ഉദ്ഘാടനം ചെയ്തു. പ്രോ–വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ആദ്ധ്യക്ഷം വഹിച്ചു. (ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




## ഇൻഡക്ഷൻ പ്രോഗ്രാം

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പരിധിയിൽ വരുന്ന സർവകലാശാല/ കോളേജ് അദ്ധ്യാപകർക്കുവേണ്ടി ഹ്രസ്വകാല ഇൻഡക്ഷൻ പ്രോഗ്രാം ഏപ്രിൽ 18 മുതൽ 23 വരെ നടത്തുന്നു. കേരള സർവകലാശാലയുടെ അധീനതയിൽ കാര്യവട്ടം കാമ്പസിലെ യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററാണ് പരിശീലനം നടത്തുന്നത്. രണ്ട് വർഷത്തിൽ താഴെ അദ്ധ്യാപന പരിചയമുള്ള സർവകലാശാല/കോളേജ് അദ്ധ്യാപകർക്കുമാത്രം അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫാറം യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ വെബ്സൈറ്റിൽ (www.keralauniversity.ac.in/ugcasc) ലഭിക്കും. അപേക്ഷകൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടുകൂടി ദി ഡയറക്ർ, യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, കേരള സർവകലാശാല, കാര്യവട്ടം – 695 581 എന്ന വിലാസത്തിൽ ഏപ്രിൽ 11-നകം ലഭിക്കണം.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
05.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**